**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. സി. ആർ. മഹേഷ്, ശ്രീമതി കെ. കെ. രമ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമത്തിന്റെ കരട് തയ്യാറാക്കി നിയമ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കരട് നിയമം പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. കൂടാതെ 2021-ലെ കേരള മത്സ്യസംരക്ഷണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട്, തുടർന്ന് പുറപ്പെടുവിച്ച ചട്ടം എന്നിവയിൽ മത്സ്യത്തിന് ലഭിക്കേണ്ട അടിസ്ഥാന വില ഉറപ്പ് നൽകുന്ന വ്യവസ്ഥകളുണ്ട്. മാത്രമല്ല മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ട് വരുന്ന മത്സ്യം അവർക്ക് താൽപ്പര്യമുള്ള പക്ഷം, അവർ അംഗങ്ങൾ ആയ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾ മുഖേന, നിശ്ചയിച്ച അടിസ്ഥാന വില നൽകി, സംഭരിക്കാവുന്നതുമാണ്.<br><br>മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതോടെ അവകാശം നിയമപരമായി കൂടുതൽ സംരക്ഷിക്കപ്പെടുന്നതാണ്. മത്സ്യ ബന്ധനവകാശവും ആദ്യ വില്പനാവകാശവും സംബന്ധിച്ച വ്യവസ്ഥകൾ കരടിൽ പ്രതിപാദിക്കുന്നുണ്ട്.<br><br>കൂടാതെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 1980-ലെ കേരള മറൈൻ ഫിഷിങ് റെഗുലേഷൻ ആക്ടും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മത്സ്യബന്ധനാവകാശവും ആദ്യ വില്പനാവകാശവും മത്സ്യത്തൊഴിലാളികൾക്ക് നിജപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമത്തിന്റെ കരട് തയ്യാറാക്കി നിയമ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കരട് നിയമം പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. കൂടാതെ 2021-ലെ കേരള മത്സ്യസംരക്ഷണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട്, തുടർന്ന് പുറപ്പെടുവിച്ച ചട്ടം എന്നിവയിൽ മത്സ്യത്തിന് ലഭിക്കേണ്ട അടിസ്ഥാന വില ഉറപ്പ് നൽകുന്ന വ്യവസ്ഥകളുണ്ട്. മാത്രമല്ല മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ട് വരുന്ന മത്സ്യം അവർക്ക് താൽപ്പര്യമുള്ള പക്ഷം, അവർ അംഗങ്ങൾ ആയ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾ മുഖേന, നിശ്ചയിച്ച അടിസ്ഥാന വില നൽകി, സംഭരിക്കാവുന്നതുമാണ്.<br><br>മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതോടെ അവകാശം നിയമപരമായി കൂടുതൽ സംരക്ഷിക്കപ്പെടുന്നതാണ്. മത്സ്യ ബന്ധനവകാശവും ആദ്യ വില്പനാവകാശവും സംബന്ധിച്ച വ്യവസ്ഥകൾ കരടിൽ പ്രതിപാദിക്കുന്നുണ്ട്.<br><br>കൂടാതെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 1980-ലെ കേരള മറൈൻ ഫിഷിങ് റെഗുലേഷൻ ആക്ടും നിലവിലുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ മറ്റ് തൊഴിലുകൾ കണ്ടെത്തുവാൻ ഉതകുന്ന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട |

മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

2021-22 ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 30/07/2020-ലെ സ.ഉ(സാധാ)നം.210/2020/ ഭ.പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021 മെയ് മാസം മുതൽ 2022 ജനുവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്.

2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര- അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ 20/01/2023 ലെ സ.ഉ (സാധാ)നം.64/2023/മ.ഇ.വ പ്രകാരം റവന്യൂ വകുപ്പ് (സ.ഉ.(സാധാ)നം476/2023/റ.വ. തീയതി 29/01/2023) ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് 50.027 കോടി രൂപ അനുവദിച്ച നൽകിയിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയുണ്ടായി.

2025 മെയ് 18 മുതൽ മെയ് 31 വരെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെടരുതെന്ന INCOIS, KSDMA, IMD എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം 14 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട1,72,160 മത്സ്യ-അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ 14 ദിവസത്തേക്ക് 48,20,48,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് അനുവദിച്ച് കൊണ്ട് സ.ഉ.(കൈ)നം.14/2026/റ.വ. തീയതി 08/01/2026 പ്രകാരം ഉത്തരവായിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് അവരുടെ യോഗ്യതക്കനുസരിച്ചു തൊഴിൽ ലഭിക്കുന്നതിനുവേണ്ടി Kerala Knowledge economy Mission എന്ന സ്ഥാപനവുമായി ചേർന്നുകൊണ്ട് "തൊഴിൽതീരം" എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ സാധിക്കാത്ത അവസരങ്ങളിൽ കുടുംബം പട്ടിണി ആകാതിരിക്കുന്നതിനും അവരെ സാമ്പത്തികമായി സഹായിക്കുന്നതിനുമായി മത്സ്യ തൊഴിലാളി വനിതകളായ കുടുംബങ്ങൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ഏജൻസിയായ SAF മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഇതിലേക്കായി 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.കൂടാതെ മത്സ്യ വിപണനം നടത്തുന്ന വനിതകൾക്കായി 1 ലക്ഷം രൂപ വരെ JLG ഗ്രൂപ്പുകൾ മുഖാന്തിരം Revolving fundആയി അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ